**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ ***243** — 10-12-2018 -ൽ മറുപടിക്ക്

## കാലവർഷക്കെടുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി. ഇ.എസ്.ബിജിമോൾ**<br>**ശ്രീ. കെ. രാജൻ**<br>**ശ്രീമതി. ഗീതാ ഗോപി** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കാലവർഷക്കെടുതിമൂലം സംസ്ഥാനത്തിനുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർണ്ണമായോ; വിശദമാക്കുമോ; | എ) | സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് എടുത്തിട്ടുണ്ട്. പലതരത്തിലുമുള്ള കണക്കെടുപ്പുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സർക്കാർ നടത്തിയ കണക്കെടുപ്പിൽ 26,720 കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിരിക്കുന്നത്. ഇതിന് പുറമെ ഐക്യരാഷ്ട്ര സഭയുടെ ഏജൻസികൾ ഉൾപ്പെടെയുള്ള ഏജൻസികൾ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ട്.<br>ഐക്യരാഷ്ട്ര സഭയുടെ PDNA (Post Disaster Need Assessment) റിപ്പോർട്ട് പ്രകാരം 26,718 കോടി രൂപയുടെ നഷ്ടമാണ് 2018-ലെ വെള്ളപ്പൊക്കത്തിൽ സംസ്ഥാനത്ത് ഉണ്ടായതായി കണക്കാക്കിയിരിക്കുന്നത്. നാശനഷ്ടത്തിന്റെ സെക്ടർ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. കേരളത്തിന്റെ പുനർ നിർമ്മാണത്തിനായി 31,000 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് PDNA റിപ്പോർട്ട് കണക്കാക്കുന്നത്. ലോകബാങ്കും ADB യും തങ്ങളുടേതായ മാനദണ്ഡങ്ങൾ അനുസരിച്ച് നഷ്ടം കണക്കാക്കി 24,893 |

| | | | |
|---|---|---|---|
| | | | കോടി രൂപ പുനർനിർമ്മാണത്തിനായി ആവശ്യമായി വരുമെന്നാണ് കണ്ടെത്തിയത്.<br>സംസ്ഥാനത്ത് പ്രളയ ദുരന്തത്തിൽ താറുമാറായ പശ്ചാത്തല സൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിനും ജീവനോപാധികൾ കണ്ടെത്തുന്നതിനുമായി രണ്ട് ഘട്ടങ്ങളിലായി ആകെ 5616.7 കോടി രൂപയാണ് ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡമനുസരിച്ച് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. |
| ബി) | ഈ കാലയളവിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും മരങ്ങൾ കടപുഴകിയതും ഏറെ ജീവനപഹരിച്ചുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>വ്യക്തമാക്കുമോ; | ബി) | ഉണ്ട്. 2018-ലെ കാലവർഷത്തെ തുടർന്ന് കേരളത്തിൽ വ്യാപകമായി ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം 152 പേർക്കാണ് ജീവഹാനി സംഭവിച്ചത്.<br>മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫ്ളഡ് പ്ലെയിൻ മാപ്പിംഗ് നടത്താൻ CWRDM (Centre for Water Resources Development and Management), KFRI (Kerala Forest Research Institute), M.G University, KSRSEC (Kerala State Remote Sensing and Environment Centre) എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | വെള്ളം കയറാൻ സാധ്യതയുള്ള പ്രദേശങ്ങളിലെ ആളുകളെ ഡാമുകൾ തുറന്നുവിടുന്നതിനുമുമ്പ് മാറ്റിപ്പാർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിരുന്നോ; | സി) | സ്വീകരിച്ചിട്ടുണ്ട്. വെള്ളം കയറുവാൻ സാധ്യതയുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് ആവശ്യമായ മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. ഡാമുകൾ തുറന്ന് വിടുന്നത് സംബന്ധിച്ച Orange Alert, Red Alert, തുടങ്ങിയവ ദൃശ്യമാധ്യമങ്ങൾ വഴി ജനങ്ങൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത മുന്നറിയിപ്പുകൾ എല്ലാം തന്നെ ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | വകുപ്പ് മേധാവികൾ, ജില്ലാ കളക്ടർമാർ, ഗ്രാമപഞ്ചായത്തുകൾ, പോലീസ് വകുപ്പ്, മാധ്യമങ്ങൾ, ദക്ഷിണ റയിൽവേ, ജില്ലാ ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങിയവരെയെല്ലാം അറിയിക്കുകയും ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭി ക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചിരുന്നു. ജില്ലാ തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതി നിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗ് വിളിച്ച് കൂട്ടി വെള്ളം ഉയർന്നാൽ ബാധിക്കപ്പെടാൻ സാധ്യതയുള്ള പഞ്ചായ ത്തുകൾക്ക് തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. വെള്ളം കയറുവാൻ സാധ്യതയുള്ള താഴ്ന്ന പ്രദേശങ്ങളിൽ നിന്നും ആളുകളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | മണ്ണിടിച്ചിലും ഉരുൾപൊട്ടലും കാരണം വീടുകൾ തകർന്നവരെ മാറ്റി പുനരധിവസിപ്പിക്കുമോ; | ഡി) | ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവ ബാധിക്കുമെന്ന് വ്യക്തമായ സ്ഥലങ്ങളിൽ വീടുകൾ പുനർ നിർമ്മിക്കാൻ കഴിയില്ല. പുനരധിവാസ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി ഇത്തരം ആൾക്കാരെ കണ്ടെത്തുന്നതിനുള്ള വിശദമായ സർവ്വേ വാളണ്ടിയർമാരുടെ സഹായത്തോടെ പൂർത്തിയാക്കിയിരുന്നു. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വീട് നഷ്ടപ്പെട്ടവരെയും പരിസ്ഥിതിദുർബല പ്രദേശങ്ങളിൽ താമസിച്ചിരുന്നവരെയും പുനരധിവ സിപ്പിക്കാൻ സമഗ്രവും ശാസ്ത്രീയവും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കിയുള്ള സമീപനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| ഇ) | ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മറ്റ് വകുപ്പുകളുടെ സഹകരണവും സഹായവും മുതൽക്കൂട്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ? | ഇ) | ഉണ്ട്. കേരളം കണ്ട ഏറ്റവും വലിയ ദുരന്തത്തിന്റെ ദുരിതാശ്വാസ പ്രവർത്തനത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളുടെയും സഹകരണവും സഹായവും ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sector | Damage | Loss | Total Effect (D + L) | | Total Recovery Needs | |
|---|---|---|---|---|---|---|
| | INR Crores | INR Crores | INR Crores | USD Million | INR Crores | USD Million |
| **Social Sectors** | | | | | | |
| Housing, Land and Settlements | 5 027 | 1 383 | 6 410 | 916 | 5 443 | 778 |
| Health and Nutrition | 499 | 28 | 527 | 75 | 600 | 86 |
| Education and Child Protection | 179 | 0 | 179 | 26 | 214 | 31 |
| Cultural Heritage | 38 | 37 | 75 | 11 | 80 | 11 |
| **SUB-TOTAL** | **5 743** | **1 448** | **7 191** | **1 028** | **6 337** | **906** |
| **Productive sectors** | | | | | | |
| Agriculture, Fisheries and Live-Stock | 2 975 | 4 180 | 7 154 | 1 022 | 4 498 | 643 |
| **SUB-TOTAL** | **2 975** | **4 180** | **7 154** | **1 022** | **4 498** | **643** |
| **Infrastructure sectors** | | | | | | |
| Water, Sanitation and Hygiene | 890 | 471 | 1 361 | 195 | 1 331 | 190 |
| Transportation*1 | | | | | 10 046 | 1 435 |
| Power[1] | | | | | 353 | 50 |
| Irrigation | | | | | 1 483 | 212 |
| Other infrastructure[1] | | | | | 2 446 | 349 |
| **SUB-TOTAL** | **890** | **471** | **1 361** | **195** | **15 659** | **2 236** |
| **Cross-cutting sectors** | | | | | | |
| Environment | 26 | 0.04 | 26 | 4 | 148 | 21 |
| Employment and Livelihoods | 881 | 9 477 | 10 358 | 1 480 | 3 896 | 557 |
| Disaster Risk Reduction | 17 | 583 | 599 | 86 | 110 | 16 |
| Gender and Social Inclusion | 0.9 | 0 | 0.9 | 0.13 | 35 | 5 |
| Local Governance | 28 | 0 | 28 | [illegible] | 32 | [illegible] |
| **SUB-TOTAL** | **952.9** | **10 060.04** | **11 011.9** | **1 574.13** | **4 221** | **604** |
| **TOTAL (A)** | **10 561** | **16 159** | **26 718** | **3 819** | **30 715** | **4 389** |
| Integrated Water Resources Management (B) | 0 | 0 | 0 | 0 | 24 | 3 |
| **GRAND TOTAL (A+B)** | | | | | **30 739** | **4 392** |
| **GRAND TOTAL (ROUNDED OFF)** | | | | | **31 000** | **4 400** |